3. വിവരങ്ങൾ അറിയുക, ഗ്രഹിക്കുക എന്നതിനെക്കാളുപരി ശേഷികൾ നേടുന്നതിന് ഊന്നൽ നൽകുക.

4. പഠനം ആനന്ദകരമായ ഒരു അനുഭവമാക്കി മാറ്റാനുള്ള പഠന ബോധന രീതികൾ ഉപയോഗിക്കുക.

5. വിലയിരുത്തൽ പ്രക്രിയക്ക് സമഗ്രവും തുടർച്ചയുമായ മൂല്യ നിർണ്ണയം നടപ്പിലാക്കുക.

6. ദേശീയ പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ചട്ട ക്കൂട്ടിൽ താഴെ പറയുന്ന ഘടകങ്ങൾക്ക് പരിഗണന നൽകുക.

(എ) മനുഷ്യ വിഭവ വികസനം.

(ബി) പൊതു വിദ്യാഭ്യാസ ഘടന.

(സി) അവശ്യ പഠന പ്രാപ്തികൾ.

(ഡി) ഉള്ളടക്കത്തിലും പഠനാനുഭവങ്ങളിലുമുള്ള നയ സമീപനം.

(ഇ) പരീക്ഷ രീതി പരിഷ്കരണം.

7. പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കന്ററി ഘട്ടം വരെ വിവിധ ഘട്ടങ്ങളിൽ പഠിതാവിന്റെ കഴിവുകൾ ഏവ? പരിമിതികൾ എന്തൊക്കെ? പഠനോദ്ദേശ്യങ്ങൾ ഏവ? എന്തെല്ലാം പഠനത്തിനാണ് അവ സരം ഒരുക്കേണ്ടത്? പഠന രീതി എപ്രകാരമാകണം? ഈ പഠന രീതിയിൽ അധ്യാപികയുടെ പങ്ക് എപ്രകാരം? മൂല്യനിർണ്ണയം എപ്രകാരം? തുടങ്ങിയ കാര്യങ്ങൾ രേഖയിൽ പ്രതിപാദിച്ചിരിക്കുന്നു.

(സി) സമീപന രേഖ പൊതു ചർച്ചയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കു കയാണ്.

26 (*112) മെഡിക്കൽ-എഞ്ചിനീയറിംഗ് അഡ്മിഷന് പിന്നോക്ക വിഭാഗങ്ങൾക്കുള്ള വരുമാന പരിധി

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. സുധാകരൻ :

ശ്രീ. പി.ജെ. ജോയി :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ-എഞ്ചിനീയറിംഗ് അഡ്മിഷന് പിന്നോക്ക വിഭാഗ ങ്ങൾക്കുള്ള വരുമാന പരിധി എത്രയാണെന്ന് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ;

(ബി) പ്രവേശന പരീക്ഷയ്ക്കുള്ള പ്രോസ്പെക്റ്റസിൽ വരുമാനങ്ങളെ പ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ;

(സി) നിലവിലുള്ള ഗവൺമെന്റ് ഉത്തരവും പ്രോസ്പെക്ടസിലെ ഇതു സംബന്ധിച്ച വിവരവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; എങ്കിൽ എന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഗവൺമെന്റ് ഉത്തരവിൽ നിന്ന് വ്യത്യസ്തമായി പ്രോസ്പെക്ട സിൽ പറഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മെഡിക്കൽ-എഞ്ചിനീയറിംഗ് അഡ്മിഷന് പിന്നോക്ക വിഭാഗങ്ങളുടെ വരുമാന പരിധി നിശ്ചയിച്ചതെന്നാണ്;

(എഫ്) ഏറ്റവും ഒടുവിൽ നടന്ന ശമ്പള പരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ ഈ തുക പുതുക്കിയോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ജി) ഇതുമൂലം പിന്നോക്ക വിഭാഗക്കാരായ സർക്കാർ ജീവനക്കാരിൽ താഴത്തെ ഗ്രേഡിലുള്ളവരുടെ മക്കൾക്കുപോലും സംവരണാനുകൂല്യം കിട്ടാതെ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന് എപ്രകാരം പരിഹാരം കാണാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 42,000 രൂപയിൽ താഴെ.

(ബി) ഉണ്ട്.

(സി)&(ഡി) ഗവൺമെന്റ് ഉത്തരവിൽ 42000 രൂപ എന്നും പ്രോസ്പെക്ടസിൽ 42000 രൂപയിൽ താഴെ എന്നുമാണ്.

(ഇ) 42000 രൂപയായി പുതുക്കി നിശ്ചയിച്ചത് 29-9-94-ൽ ലാണ്.

(എഫ്) ഇല്ല. വരുമാന പരിധി പുതുക്കുന്നതിനുള്ള നടപടികൾ പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പാണ് സ്വീകരിക്കേണ്ടത്. ഇക്കാര്യത്തിൽ അവസാനതീരുമാനമായിട്ടില്ല.

(ജി) ഇല്ല. കെ.പി.സി.ആർ. ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി പുതുക്കി നിശ്ചയിക്കുന്നതുവരെ കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരുടെ കാര്യത്തിൽ പ്രസ്തുത ആനുകൂല്യങ്ങൾക്കായി വരുമാനപരിധി നിശ്ചയിക്കുന്നത് ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള ശമ്പളത്തെ അടിസ്ഥാനമാക്കി ആയിരിക്കണമെന്നും അങ്ങനെ വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേതന സർട്ടിഫിക്കറ്റ് നൽകുന്നത് ശമ്പളം പുതുക്കി നിശ്ചയിച്ചില്ലായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളത്തെ അടിസ്ഥാനമാക്കിയായിരിക്കണമെന്നും നിശ്ചയിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

27 (*113) പൊതുവിദ്യാഭ്യാസ സമ്പ്രദായം

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസം പന്ത്രണ്ട് വർഷം എന്നുള്ള പൊതുനയം സംസ്ഥാനസർക്കാർ അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) അംഗീകൃത അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ പ്ലസ് ടു കോഴ്സുകൾ നൽകാതിരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly